ACADEMY OF MEDICAL SCIENCES
PARIYARAM- 670503, KANNUR DISTRICT, KERALA
Phone: 0497-2808080, 2808111, 121 (15 Lines), Fax: 0497-2808133
Email: pmch.pariyaram@gmail.com, Web: www. mcpariyaram.com
Recognised by MCI, Vide No. V. 11015/2/2002-ME (Policy-1) dated 09-07-2002

461/PR/Dtd 13.07.2017 പ്രസിദ്ധീകരണത്തിന്

# മെഡിക്കൽ അനുബന്ധ ഡിപ്ലോമ കോഴ്സുകളിൽ വെള്ളിയാഴ്ച മുതൽ പരിയാരത്ത് അപേക്ഷിക്കാം

കണ്ണൂർ : അക്കാദമി ഓഫ് മെഡിക്കൽ സയൻസസി (പരിയാരം മെഡിക്കൽ കോളേജ്) ൽ മെഡിക്കൽ അനുബന്ധ ഡിപ്ലോമ കോഴ്സുകളിൽ 14 മുതൽ അപേക്ഷിക്കാൻ സാധിക്കും. മെഡിക്കൽ ലബോറട്ടറി ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഓപ്പറേഷൻ തീയ്യേറ്റർ ടെക്നോളജി, കാർഡിയോ വാസ്ക്കുലാർ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി എന്നീ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേക്കാണ് വെള്ളിയാഴ്ച മുതൽ അപേക്ഷിക്കാൻ സാധിക്കുക. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിൽ മൊത്തം 50 ശതമാനം മാർക്കെങ്കിലും നേടി പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണമെന്നതാണ് യോഗ്യത. എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്ക് 45 ശതമാനം മാർക്കും എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് 40 ശതമാനം മാർക്കും മതിയാകും. അപേക്ഷകർ 31.12.2017 ന് മുമ്പ് 17 വയസ്സ് പൂർത്തിയായവരായിരിക്കണം. ഉയർന്ന പ്രായപരിധി 30 വയസ്സ്. രണ്ട് വർഷമാണ് കോഴ്സുകളുടെ കാലയളവ്.

അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനുമായി 300 രൂപയാണ് വില. പരിയാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളുടെ ഓഫീസിൽ നിന്ന് നേരിട്ടും കോളേജ് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാവുന്നതാണ്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവർ പ്രിൻസിപ്പാൾ, അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം എന്ന പേരിൽ പരിയാരത്ത് മാറാവുന്ന 300/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമാണ് അപേക്ഷിക്കേണ്ടത്. ഓരോ കോഴ്സിനും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

പൂരിപ്പിച്ച അപേക്ഷകൾ പ്രിൻസിപ്പാൾ, അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ - 670503 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ 28.07.2017 ന് 4 മണിക്കുമുമ്പ് ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾ www.mcpariyaram.com എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡയരക്ടർ**
(കെ.രവി)